# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ: 04872371931)


## തൃശ്ശൂർ


E mail: kauagmet@yahoo.co.in


**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 07/17, ചൊവ്വാഴ്ച** **തീയ്യതി 14.02.2017**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി**: കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 35.4 മുതൽ 36.7 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.6 മുതൽ 23.6 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 50 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 19 മുതൽ 32 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 2.2 മുതൽ 7.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 8.1 മുതൽ 10.3 മണിക്കൂറും ബാഷ്പീകരണം ദിനം പ്രതി 3.9 മുതൽ 6.5 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 15.02.2017 | 16.02.2017 | 17.02.2017 | 18.02.2017 | 19.02.2017 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 2 | 0 | 0 | 0 |
| ഉയർന്ന താപനില (°C ) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C ) | 24 | 24 | 24 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 2 | 2 | 2 | 2 | 3 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 40 | 40 | 30 | 30 | 30 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 020 | 020 | 020 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| വാഴ | സിഗാർ എൻഡ് രോഗം | ഉയർന്ന താപനില മൂലവും അന്തരീക്ഷ ആർദ്രത കുറഞ്ഞു വരുന്നതു മൂലവും വാഴക്കുലയിൽ സിഗാർ എൻഡ് രോഗം കണ്ടുവരുന്നു. രോഗം ബാധിച്ച കായ്കളുടെ അറ്റം കറുത്ത് ചുക്കിചുളിയുകയും ആ ഭാഗത്ത് വെളുത്ത പൂപ്പലുകൾ കാണുകയും ചെയ്യുന്നതാണ് രോഗലക്ഷണം. ഇവയെ നിയന്ത്രിക്കാനായി കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| തെങ്ങ് | - | വിത്തു തേങ്ങ സംഭരിക്കാൻ പറ്റിയ സമയമാണിത്. നല്ല വലുപ്പവും കൊപ്രയ്ക്കു താരതമ്യേന കൂടുതൽ ഭാരവും ഉണ്ടായിരിക്കാം. ഇത്തരം വിത്തു തേങ്ങ വേഗം മുളയ്ക്കും, കരുത്തുള്ളതുമായിരിക്കും. |
| കുരുമുളക് | - | കുരുമുളക് തണ്ടുകൾ മുറിച്ചു വേരു പിടിപ്പിക്കുന്നതിനായി തവാരണകളിൽ പാകേണ്ട സമയമാണിത്. കൊടിത്തലകൾ മുറിച്ച് 23 മുട്ടുള്ള കഷണങ്ങളാക്കി പോളിത്തീൻ ഉറകളിൽ നട്ട് മുളപ്പിക്കാം. പോട്ടിങ്ങ് മിശ്രിതത്തിൽ വാം കൾച്ചർ ചേർക്കുന്നത് ചെടികൾക്ക് കരുത്തും രോഗ പ്രതിരോധ ശക്തിയും കൂട്ടും. |
| പച്ചക്കറികൾ (വഴുതന) | കായും തണ്ടും തുരക്കുന്ന കീടം | വഴുതനയിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു ചുടുക. കാര്യമായ ഉപദ്രവമുണ്ടെങ്കിൽ വേപ്പിൻ കുരു സത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. കുരുടിപ്പ്, ഇലകളുടെ മാർദവം നഷ്ടപ്പെടുക, അരിക് വളയുക എന്നിവ വരുത്തുന്ന ചെറുപ്രാണികളെ വെളുത്തുള്ളി നീര് നേർപ്പിച്ച് തളിച്ച് നിയന്ത്രിക്കുക. കൂടാതെ വെളുത്തുള്ളി വേപ്പെണ്ണ സോപ്പ് മിശ്രിതം, വേപ്പ് അടിസ്ഥാനമായുള്ള കീടനാശിനികൾ എന്നിവ മാറി മാറി തളിക്കുക. |